# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3979** — 21.10.2016 ലെ മറുപടിക്ക്

## പത്മനാഭസ്വാമി ക്ഷേത്ര പരിസരത്തെ അനധികൃത നിർമ്മിതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം.ഷാജി : | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) തലസ്ഥാനനഗരിയിലെ പത്മനാഭസ്വാമി ക്ഷേത്ര കോമ്പൗണ്ടിൽ നിന്നും നൂറ് മീറ്റർ വരെ വരുന്ന പരിധിയിലുള്ള അനധികൃത നിർമ്മിതികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (എ) ഉണ്ട്. രാജധാനി ഗ്രൂപ്പുകാരുടെ സ്ഥലം കയ്യേറ്റവും അനധികൃത നിർമ്മാണവും, പാത്രകുളവും സമീപസ്ഥലങ്ങളും കയ്യേറിയുള്ള അനധികൃത നിർമ്മാണം, ആറ്റുകാൽ ഷോപ്പിംഗ് കോംപ്ലക്സിലെ അനധികൃത നിർമ്മിതിയുടെ സ്ഥലം കയ്യേറ്റവും, കരിമ്പനാൽ ആർക്കേഡ്, ലൂസിയ ഹോട്ടൽ എന്നിവയുടെ കയ്യേറ്റവും ദോഷകരമായ പ്രവർത്തനങ്ങളും, പൈതൃക മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ട്രഷറി കെട്ടിട നിർമ്മാണം, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് വകുപ്പിലെ അനധികൃത ബഹുനില കെട്ടിട നിർമ്മാണം, അറ്റ്ലസ് ജ്വലറി ബഹുനില കെട്ടിടം, രാമചന്ദ്രൻ ടെക്സ്റ്റൈൽസ് കെട്ടിടങ്ങൾക്ക് മുകളിലായി അനുബന്ധമായി നടത്തിയിട്ടുള്ള നിർമ്മാണം, ഗവൺമെന്റ് ഹോമിയോ കോളേജ് വളപ്പിലെ അനധികൃത നിർമ്മാണം, പഴവങ്ങാടി മുതൽ അട്ടക്കുളങ്ങര വരെയുള്ള അനധികൃത നിർമ്മാണം, വാസുദേവ വിലാസം മഹാചിപ്പ് എന്നിവയുടെ മുകളിൽ നടത്തിയിരിക്കുന്ന നിർമ്മാണം, കിഴക്കേക്കോട്ട മെയിൻ ഗേറ്റുവഴി പ്രവേശിക്കുന്നതിന് ഇടതു ഭാഗത്തായി പ്രവർത്തിക്കുന്ന ബാങ്കുകടകൾ, സൗഭാഗ്യ ബിൽഡിംഗിന് മുകളിലുള്ള മൊബൈൽ ടവർ എന്നീ അനധികൃത നിർമ്മാണങ്ങൾക്കെതിരെ പ്രൊവിഷണൽ ഓർഡർ നൽകുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

(തുടർച്ച......2)

| | |
|---|---|
| (ബി) ഈ പരിധിക്കുള്ളിൽ ഗോഡൗണു കൾക്കും കച്ചവട സ്ഥാപനങ്ങൾക്കും തിരുവനന്തപുരം കോർപ്പറേഷൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണെന്ന വിശദവിവരം നൽകാമോ; | (ബി) ഉദ്ദേശം 100 മീറ്റർ ചുറ്റളവിൽ പ്രവർത്തിക്കുന്ന 5 ഗോഡൗണുകൾക്കും 330 കച്ചവട സ്ഥാപനങ്ങൾക്കും കച്ചവട ലൈസൻസ് നൽകിയിട്ടുള്ളതാണ് (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്). |
| (സി) ഇത്തരം സ്ഥാപനങ്ങൾ അനധികൃത മായി ഈ പരിധിക്കുള്ളിൽ പ്രവർത്തിക്കു ന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ക്ഷേത്ര സുരക്ഷയെ കരുതി ഇക്കാര്യ ത്തിൽ സംയുക്ത പരിശോധന നടത്താൻ ഒരു ടീമിനെ നിയോഗിക്കുമോ? | (ഡി) അനധികൃത നിർമ്മിതികൾ കണ്ടെത്തുന്ന തിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നേതൃത്വത്തിൽ വിജിലൻസ് വിംഗ് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്